പതിനാലാം കേരള നിയമസഭ
ഇരുപത്തിരണ്ടാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.465
13-01-2021 - ലെ മറുപടിക്ക്

# കെൽട്രോണിന്റെ ബില്ല് കുടിശ്ശിക

| ചോദ്യം<br>ശ്രീ. ടി.വി. ഇബ്രാഹിം | മറുപടി<br>ഡോ. റ്റി. എം. തോമസ് ഐസക്<br>(ബഹു.ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) 2017-18 വർഷത്തിൽ കൊണ്ടോട്ടി മണ്ഡലത്തിൽ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയിരുന്ന സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ്മുറികൾ സ്ഥാപിക്കൽ (പ്രോജക്ട് നമ്പർ 5462) പ്രവൃത്തി പൂർത്തീകരിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും നാളിതുവരെയായി ഇതിന്റെ ബിൽ തുക കെൽട്രോണിന് നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;<br><br>ബി) ഈ പ്രവൃത്തിയുടെ ബിൽ തുക ലഭിക്കാൻ കെൽട്രോൺ ചെയ്യേണ്ട കാര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | 2017-18 വർഷത്തിൽ കൊണ്ടോട്ടി മണ്ഡലത്തിൽ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയിരുന്ന സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ്മുറികൾ സ്ഥാപിക്കൽ (പ്രോജക്ട് നമ്പർ 5462) പ്രവൃത്തി നടപ്പിലാക്കുന്നതിന് മലപ്പുറം ഉപവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തി മലപ്പുറം ജില്ലാ കലക്ടറുടെ 08.05.2018 ലെ ആർ.ഡി5-237/2018 പ്രകാരം 40.05 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ചെലവ് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ശീർഷകമായ 4202-01-800-88 എന്ന ശീർഷകത്തിൽ നിന്നും വഹിക്കുവാനും ഉത്തരവായിരുന്നു. പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കിയതിനു ശേഷം കെൽട്രോൺ സമർപ്പിച്ച ബില്ലും,അനുബന്ധ രേഖകളും മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ 13.12.2018, 16.12.2019 തിയ്യതികളിലായി സമർപ്പിച്ചിട്ടുണ്ട്. ആയത് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശ സഹിതം ധനകാര്യ വകുപ്പിലേക്ക് ലഭ്യമാക്കുന്നതിനനുസരിച്ച് രേഖകൾ പരിശോധിച്ച് അപാകതകൾ ഒന്നുംതന്നെ ഇല്ല എന്ന് ബോധ്യപ്പെടുന്നപക്ഷം ഫണ്ട് അലോട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്. |
| സി) പ്രവൃത്തി പൂർത്തീകരിച്ചിട്ടും ബില്ലുകൾ മാറിക്കിട്ടാൻ വർഷങ്ങൾ കാത്തിരിക്കേണ്ടി വരുന്നത് പ്രവൃത്തികളുടെ ഗുണമേൻമയെ ബാധിക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | എം.എൽ.എ ആസ്തിവികസനഫണ്ടിൽ ഉൾപ്പെടുത്തി അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചതിനു ശേഷം ഭരണവകുപ്പ് മുഖാന്തരം സമർപ്പിക്കപ്പെടുന്ന ബില്ലുകൾ പരിശോധിച്ചതിനു ശേഷം ബില്ല് തുക 5475-00-800-91 പ്രോജെക്ടസ് അണ്ടർ എൽ.എ.സി-എ.ഡി.എസ് NP എന്ന ശീർഷകത്തിൽ നിന്നും കാലതാമസം കൂടാതെ അലോട്ട് ചെയ്ത് നൽകുന്നുണ്ട്. വിവിധ ഗുണഭോക്തൃ വകുപ്പുകൾക്ക് വേണ്ടി നടപ്പിലാക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കി ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രസ്തുത വകുപ്പുകളുമായി ബന്ധപ്പെട്ട ശീർഷകത്തിന്റെ ചീഫ് കൺട്രോളിങ് ഓഫീസറോട് ബില്ല് തുക അനുവദിച്ച് നല്കാൻ അനുമതി നൽകുകയും, പ്രസ്തുത ശീർഷകങ്ങളിൽ തുക ഇല്ലാത്തപക്ഷം ബന്ധപ്പെട്ട വകുപ്പുകൾ ടി ശീർഷകങ്ങളിൽ അധിക തുക ആവശ്യപ്പെടുന്ന പക്ഷം യഥാസമയം തുക അനുവദിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ